ഉത്തരം

(എ) കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളവുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന രണ്ട് പ്രവൃത്തികളാണ് ഇന്നേവരെ അവാർഡ് ചെയ്ത് നടന്നുവരുന്നത്.

1. റൺവെയും അനുബന്ധ പ്രവൃത്തികളും (എയർസൈഡ്) - 694 കോടി രൂപ (ഇ.പി.സി- 1)

2. ടെർമിനൽ ബിൽഡിംഗ്, എയർട്രാഫിക് കൺട്രോൾ ടവർ (സിറ്റി സൈഡ്) എന്നീ പ്രവൃത്തികൾ - 498 കോടി രൂപ

   കൂടാതെ, ലിഫ്റ്റ്, എലിവേറ്റർ, എയ്റോ ബ്രിഡ്ജ്, കൺവെയർ ബെൽറ്റ്, ക്രാഷ് ഫയർ ടെണ്ടർ എന്നിവയുടെ ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്.

(ബി) റൺവെയുടെ പ്രവൃത്തി 55 ശതമാനവും ടെർമിനൽ ബിൽഡിംഗ് 35 ശതമാനവും പൂർത്തിയായിട്ടുണ്ട്.

ആറന്മുള വിമാനത്താവളം

165(169) ശ്രീ. എം. ചന്ദ്രൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) ആറന്മുള വിമാനത്താവളത്തിന്റെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ ;

(ബി) വിമാനത്താവളത്തിനുള്ള കേന്ദ്ര അനുമതി സംബന്ധിച്ച പത്ര വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ ഇത് സംബന്ധിച്ച നിജസ്ഥിതി വ്യക്തമാക്കുമോ ?

ഉത്തരം

(എ) ആറന്മുള വിമാനത്താവളത്തിന് ലഭ്യമായ പാരിസ്ഥിതിക അനുമതി ദേശീയ ഹരിത ട്രൈബ്യൂണൽ റദ്ദാക്കിയതിനെ തുടർന്ന് പദ്ധതി നടത്തിപ്പുകാരായ കെ.ജി.എസ് ഗ്രൂപ്പ് പുതിയ അപേക്ഷ നൽകിയതായും അത് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ വിദഗ്ധ വിലയിരുത്തൽ സമിതി (EAC) യുടെ 143-ാമത് യോഗത്തിൽ പരിഗണനക്കുവന്നതായും അറിയുന്നു.

(ബി) പല വാർത്തകളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) വിമാനത്താവള പദ്ധതിക്ക് പാരിസ്ഥിതിക അനുമതി നൽകുന്നത് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയമാണ്.

LIBRARY ARCHIVES Kerala Legislative Assembly